**പതിനാലാം കേരളനിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 4974**

**27.06.2019-ൽ മറുപടിക്ക്**

**ലൈഫ് മിഷൻ, ഹരിത കേരളം മിഷൻ പ്രവർത്തനങ്ങൾക്ക വേണ്ടി ചെലവഴിച്ച തുക**

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിലേറിയ ശേഷം ആരംഭിച്ച ലൈഫ് മിഷൻ, ഹരിത കേരളം മിഷൻ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾക്കുവേണ്ടി കഴിഞ്ഞ മൂന്നുവർഷം എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് ; | (എ) ലൈഫ് മിഷൻ പദ്ധതിയിൻ കീഴിൽ സംസ്ഥാന ബജറ്റ് വിഹിതമായും, ഹഡ്കോ, സഹകരണ ബാങ്ക് എന്നിവിടങ്ങളിൽ നിന്നുള്ള വായ്പായിനത്തിലുമായി ആകെ 2085.82 കോടി രൂപ കഴിഞ്ഞ മൂന്നുവർഷം ചെലവഴിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതമായ 1247.57 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.<br><br>ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി കഴിഞ്ഞ മൂന്നുവർഷം 13,61,02,529/- രൂപ (പതിമൂന്ന കോടി അറുപത്തിയൊന്ന് ലക്ഷത്തി രണ്ടായിരത്തി അഞ്ഞൂറ്റി ഇരുപത്തി ഒൻപത് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജനങ്ങൾക്ക് ലഭിച്ചു വരുന്ന സേവനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ? | (ബി) കേരളത്തിലെ അർഹരായ എല്ലാ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം ലഭ്യമാക്കാനും ഉതകുന്ന സുരക്ഷിതവും മാന്യവുമായ വീടുകൾ നൽകുക എന്ന ഉദ്ദേശത്തോടെയാണ് ലൈഫ് മിഷൻ എന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി നടപ്പിലാക്കി വരുന്നത്. 2000-01 മുതൽ 2015-16 സാമ്പത്തിക വർഷം വരെ വിവിധ സർക്കാർ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടും വ്യത്യസ്ത കാരണങ്ങളാൽ സ്വന്തമായി അടച്ചുറപ്പുള്ള ഒരു കിടപ്പാടം എന്ന സ്വപ്നം പൂർത്തീകരിക്കാൻ കഴിയാത്ത കുടുംബങ്ങൾക്ക് അവരുടെ സ്വപ്നഭവനങ്ങൾ യാഥാർത്ഥ്യമാക്കുക എന്നതാണ് ഒന്നാം ഘട്ടമായി ലൈഫ് മിഷൻ ഏറ്റെടുത്ത ദൗത്യം. ഒന്നാം ഘട്ടമായ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം 94% ഇതിനോടകം |

പൂർത്തീകരിച്ച് കഴിഞ്ഞു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേരിട്ടുള്ള ശ്രദ്ധയും ദുർബല വിഭാഗങ്ങൾക്ക് കൈത്താങ്ങും പ്രത്യേകമായി നൽകി ഒന്നാംഘട്ടത്തിൽ ബാക്കിയുള്ള ഭവനങ്ങൾ **പൂർത്തീകരിക്കാനുള്ള തീവ്രശ്രമം നടന്നുവരുന്നു.**

ലൈഫ് മിഷന്റെ രണ്ടാം ഘട്ട പ്രവർത്തനമായ ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണമാണ് ഇപ്പോൾ പുരോഗമിച്ച് വരുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അർഹരായി കണ്ടെത്തിയ ഗുണഭോക്താക്കളിൽ നാളിതുവരെ 87,050 ഗുണഭോക്താക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ട് ഭവന നിർമ്മാണം ആരംഭിക്കുകയും 14,627-ഓളം വീടുകൾ ഇതിനോടകം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള അർഹരായ ഗുണഭോക്താക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ട് ഭവന നിർമ്മാണം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ലൈഫ് മിഷന്റെ മൂന്നാം ഘട്ടമായ ഭൂരഹിത ഭവനരഹിതർക്ക് വീട് നൽകുന്നതിന് വേണ്ടി സർവ്വേയിൽ കണ്ടെത്തിയ 3,37,416 ഗുണഭോക്താക്കളിൽ രേഖകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ അർഹരായിട്ടുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. കേരളത്തിൽ സ്ഥലത്തിന്റെ ലഭ്യതക്കുറവ് മൂലം ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് ഈ ഗുണഭക്താക്കളെ പുനരധിവസിപ്പിക്കുന്നതിനാണ് ലൈഫ് മിഷൻ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിന്റെ ഭാഗമായി 14 ജില്ലകളിലും പൈലറ്റായി ഓരോ ഭവനസമുച്ചയം നിർമ്മിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. കൂടാതെ കേരളത്തിലൊട്ടാകെ 56 ഭവന സമുച്ചയങ്ങൾ കൂടി നിർമ്മിക്കുന്നതിന് കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങളുടെ പരിശോധനയും നടന്നുവരുന്നു. ഇതിലേയ്ക്കായി പ്രോജക്ട് കൺസൾട്ടൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള ടെണ്ടർ മിഷൻ ക്ഷണിച്ചു കഴിഞ്ഞു. 2020 ഒക്ടോബർ 31-നോടുകൂടി ഇവയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനാണ് ലൈഫ് മിഷൻ ലക്ഷ്യമിട്ടിട്ടുള്ളത്. അടിമാലി ഗ്രാമപഞ്ചായത്തിൽ മച്ചിപ്ലാവ് എന്ന സ്ഥലത്ത് ഭവനം ഫൗണ്ടേഷൻ നിർമ്മിച്ച ഏഴ് നിലകളിലായുള്ള 217 ഫ്ലാറ്റുകൾ 24.83 കോടി രൂപയ്ക്ക് ലൈഫ് മിഷൻ വിലയ്ക്ക് വാങ്ങുകയും

അടിമാലി ഗ്രാമപഞ്ചായത്തിലെ ഭൂരഹിത ഭവനരഹിതരായ 473 ഗുണഭോക്താക്കളിൽ അർഹരായിട്ടുള്ള 150 കുടുംബങ്ങൾക്ക് ഫ്ലാറ്റുകൾ കൈമാറുകയും ചെയ്തു. ബാക്കിയുള്ള ഫ്ലാറ്റുകൾ കൈമാറുന്നതിനുള്ള നടപടികൾ മിഷൻ സ്വീകരിച്ചുവരുന്നു.

ഹരിതകേരളം മിഷൻ മറ്റ് വകുപ്പുകളുമായി സഹകരിച്ചും അവയെ ഏകോപിപ്പിച്ചും ജനകീയ സഹകരണം ഉറപ്പാക്കിക്കൊണ്ടും പൊതുജനങ്ങൾക്ക് നൽകിവരുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു.

- ഭൂമിയും മണ്ണും ജലവും വായുവും മലിനമാക്കാതെ വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും ജലസാന്നിദ്ധ്യം സ്രോതസ്സുകളിൽ എല്ലാ സമയവും ഉറപ്പാക്കുവാൻ ആവശ്യമുള്ള പാരിസ്ഥിതിക പുനഃസ്ഥാപന പ്രവൃത്തികൾ കണ്ടെത്തി നിർവ്വഹിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകൾക്കും തദ്ദേശ സ്വയംഭരണ സർക്കാർ സ്ഥാപനങ്ങൾക്കും സമൂഹത്തിനൊന്നാകെയും ആവശ്യമായ സഹായ സംവിധാനങ്ങൾ ഒരുക്കുന്നു.
- പാരിസ്ഥിതിക സുരക്ഷയും ഉൽപാദന ക്ഷമതയും സ്വയംപര്യാപ്തതയും ലക്ഷ്യമിട്ടുകൊണ്ടുള്ള സംയോജിത പദ്ധതികളുടെ രൂപീകരണം.
- ശുചിത്വ-മാലിന്യ സംസ്കരണ മേഖലയിലെ നിയമങ്ങൾ കർശനമായി നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കൽ.
- ജനപങ്കാളിത്തത്തോടെ ശാസ്ത്രീയ മാലിന്യ സംസ്കരണം ഉറപ്പാക്കൽ.
- മഴവെള്ള സംഭരണം വ്യാപകമാക്കൽ.
- ഭൂഗർഭജല സംപോഷണം ഉറപ്പാക്കൽ
- ഫലവൃക്ഷങ്ങൾ, വിവിധോദ്ദേശ്യ മരങ്ങൾ, ഔഷധ സസ്യങ്ങൾ എന്നിവ വ്യാപകമായി വച്ചുപിടിപ്പിക്കൽ.
- ജൈവ കൃഷി പരമാവധി പ്രോത്സാഹിപ്പിക്കൽ.
- തരിശ് രഹിത കേരളം സൃഷ്ടിക്കൽ.

**സെക്ഷൻ ഓഫീസർ**